പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3353 — 13.03.2017 ൽ മറുപടിക്ക്

## കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത തിരക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) |
| (എ) കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിന് ഏതെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കരുനാഗപ്പള്ളിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥരുടെയും ഹോംഗാർഡിന്റെയും ട്രാഫിക് വാർഡൻമാരുടെയും സേവനം ഉപയോഗിച്ച വരുന്നുണ്ട്. ഇതിന് പുറമെ കരുനാഗപ്പള്ളി നഗരസഭയുടെ സഹായത്തോടെ പാർക്കിംഗ് ഏരിയ കണ്ടെത്തി അനധികൃത പാർക്കിംഗ് നിയന്ത്രിക്കുന്നതിനും റോഡരികിലെ കച്ചവടവും കയ്യേറ്റങ്ങളും ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച വരുന്നു. കരുനാഗപ്പള്ളിയിൽ ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) ദേശീയ പാതയിൽ നിന്ന് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലേക്ക് ബസ് കയറുമ്പോഴുണ്ടാകുന്ന ഗതാഗത തടസ്സം പരിഹരിക്കുന്നതിന് കർമ്മപദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ; | (ബി) ഇക്കാര്യത്തിൽ പ്രത്യേകമായ കർമ്മ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എങ്കിലും ഗതാഗത തടസ്സം ലഘൂകരിക്കുന്നതിന് കെ എസ് ആർ ടി സി ബസ് സ്റ്റാൻഡ് പരിസരത്ത് പോലീസ് ഉദ്യോഗസ്ഥരെ കൂടാതെ ഹോംഗാർഡ് / ട്രാഫിക് വാർഡൻമാരുടെ സേവനം ഉപയോഗിച്ച് വരുന്നു. |
| (സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന് മുമ്പിലുള്ള ട്രാഫിക് സിഗ്നൽ ഭാഗത്ത് അപകടങ്ങൾ നിരന്തരമുണ്ടാകുന്നത് നിയന്ത്രിക്കുന്നതിന് ട്രാഫിക് സിഗ്നലുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന് മുമ്പിലുള്ള നിലവിലുള്ള ട്രാഫിക് സിഗ്നലിന്റെ അപാകതകൾ പരിഹരിക്കുന്നതിനായി നാഷണൽ ഹൈവേ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ